

LIGHTED TO LIGHTEN

# സെഹിയോൻ

## ബുള്ളറ്റിൻ

2026 ഏപ്രിൽ • മെയ് • ജൂൺ


**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. M. S. Daniel**, Mob: **9447359444**, **www.amalloorsehionmtc.org**

## : നന്ദി... :



സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന

**റവ. എം. എസ്. ദാനിയേൽ അച്ചനും**


**കുടുംബത്തിനും**

**യാത്രാമംഗളങ്ങൾ...**

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

**ഏപ്രിൽ ▸ മെയ് ▸ ജൂൺ 2026**



## വികാരിയുടെ കത്ത്



കർത്താവിൽ പ്രിയരേ,

**ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നാമത്തിൽ എല്ലാവർക്കും സ്നേഹ വന്ദനം.**

വലിയ നോമ്പിന്റെ നാളുകൾ നാം പിന്നിട്ടു. ക്രമമായി ഇരുപത്തിയഞ്ചു ദിവസങ്ങളിൽ പങ്കെടുത്തവർക്ക് തികച്ചും അനുഗ്രഹകരമായി അനുഭവ പെട്ടു.പീഡാനുഭവ ആഴ്ചയിൽ വളരെ താല്പര്യത്തോടെ ഇടവകഅംഗ ങ്ങൾ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. എല്ലാവരെയും അഭിനന്ദിക്കുന്നു .

എല്ലാ അധമ ശക്തികളും ഒത്തുചേർന്ന് ജീവന്റെ നായകനെ കുഴിച്ചുമൂടു വാൻ ശ്രമിച്ചു. ദൈവം യേശുവിനെ കല്ലറയിൽ നിന്നും ഉയിർപ്പിച്ചു.'അവൻ ഇവിടെ ഇല്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു.' (ലൂക്കോ. 24:6). നിരാശയിലായ ശിഷ്യർക്ക് പ്രത്യക്ഷനായി സമാധാനം പകർന്നു കൊടുത്തു. സംശയത്തെ ദൂരീകരിച്ചു. തന്മൂലം അവർ ഉയിർപ്പിന്റെ സാക്ഷികളായി ലോകമാസക ലം ദൗത്യത്തിന്റെ വാഹകരായി തീർന്നു. യേശു ഉയിർത്തെഴുന്നേറ്റതു കൊണ്ടാണ് സഭ ഇന്ന് ഭൂമുഖത്തു നിലനിൽക്കുന്നത്. The resurrection of Jesus is the hope of the future. ഭാവിയുടെ പ്രത്യാശയാണ് യേശുവിന്റെ പുനരുദ്ധാനം . ഭീതിയും സംഘർഷവും നിറഞ്ഞ ലോകത്തിൽ സമാധാ നത്തിന്റെ സന്ദേശവാഹകരായി നമുക്ക് തീരാം.

നാല്പതാം വെള്ളിയാഴ്ച്ചയിലെ വിശുദ്ധ കുർബാന ശുശ്രൂഷയിൽ അഭി വന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്ത നേതൃത്വം നൽകിയത് അനുഗ്രഹ കരമായിരുന്നല്ലോ.

നാം ഒരു പുതിയ സാമ്പത്തീക വർഷത്തിലേക്കു പ്രവേശിച്ചല്ലോ, ഇടവക ചുമതലക്കാരെ അനുഗ്രഹകരമായ ശുശ്രൂഷ നിർവഹിപ്പാൻ ശക്തീകരി ക്കട്ടെ. ഇടവക വി. ബി. എസ് ആരംഭിച്ചല്ലോ, Stand Firm in Christ എന്ന താണ് ചിന്താവിഷയം. ക്രിസ്തുവിൽ ഉറച്ച ജീവിതത്തിനുടമകളായി ത്തീരാൻ ദൈവം കുഞ്ഞുങ്ങളെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ഒരുവർഷക്കാലം ഈ ഇടവകയിൽ ശുശ്രുഷ ചെയ്യുവാൻ ലഭ്യ മായ അവസരത്തിനായി ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു.

നിങ്ങളോടൊപ്പം താമസിച്ചു കൂട്ടായ്മ അനുഭവിപ്പാൻ ഇടയായി. നല്കിത്തന്ന സ്നേഹത്തിനും കരുതലിനും നന്ദി. കഴിഞ്ഞ 35 വർഷകാലം സഭയിലെ ശുശ്രൂഷകൾ നിർവഹിച്ചു റിട്ടയർമെന്റ് അനുഭവത്തിലേക്ക് പ്രവേശിക്കയാണ്. സഭയിലൂടെയും ഇടവകജനങ്ങളിലൂടെയും ലഭിച്ച ബന്ധങ്ങൾ, ആത്മീയ വളർച്ച ഇവയൊക്കെയോർത്തു ദൈവത്തെ സ്തുതിക്കുന്നു.

ബഹു. കുരുവിള ഫിലിപ്പ് അച്ചന്റെ സ്നേഹവും ഇടവക ചുമതലക്കാരുടെ പിന്തുണയും എല്ലാവരുടെയും പ്രാർത്ഥനയും കൈത്താങ്ങലും എന്റെ ശുശ്രൂഷയെ ശക്തീകരിച്ചു. ഞങ്ങളുടെ കുടുംബത്തോടു കാണിച്ച സ്നേഹ സൗഹൃദങ്ങൾക്ക് കുടുംബമായി നന്ദി കരേറ്റുന്നു.

റവ. സജി തോമസ് അച്ചനും കുടുംബവും മെയ് ഒന്ന് മുതൽ നമ്മുടെ ഇടവകയിൽ നിയമിതനായിരിക്കുകയാണല്ലോ. അച്ചനെ സ്വാഗതം ചെയ്യുന്നു. അച്ചന്റെ ശുശ്രൂഷ അനുഗ്രഹകരമായിരിപ്പാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവംതമ്പുരാൻ നമ്മെ അനുഗ്രഹിച്ചതുപോലെ മറ്റുള്ളവർക്ക് അനുഗ്രഹമായിരിപ്പാൻ ഏവർക്കും ഇടയാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

പ്രാർത്ഥനയോടെ,

**എം. എസ്. ഡാനിയേലച്ചൻ**

**ആരാധനാ സഹായ ക്രമീകരണങ്ങൾ – പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ**

| മാസം | തീയതി | ദിവസം | പ്രാർത്ഥനാ ഗ്രൂപ്പ് / സംഘടന |
|---|---|---|---|
| ഏപ്രിൽ | 05 | ഞായർ | ഗായകസംഘം |
| | 12 | ഞായർ | വിബിഎസ് |
| | 19 | ഞായർ | യങ് വിമൻസ് ഫെല്ലോഷിപ്പ് |
| | 26 | ഞായർ | ഇടവക മിഷൻ |
| മെയ് | 03 | ഞായർ | സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് |
| | 10 | ഞായർ | സേവികാ സംഘം |
| | 17 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് I |
| | 24 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് II |
| | 31 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് III |
| ജൂൺ | 07 | ഞായർ | സൺഡേസ്കൂൾ |
| | 14 | ഞായർ | ഗായകസംഘം |
| | 21 | ഞായർ | യുവജനസഖ്യം |
| | 28 | ഞായർ | യങ് വിമൻസ് ഫെല്ലോഷിപ്പ് |

| ഞായറാഴ്ച്ചകളിലെ പാഠം വായന ഭാഗങ്ങൾ | | | | |
|---|---|---|---|---|
| **തീയതി** | **ഒന്നാം പാഠം** | **രണ്ടാം പാഠം** | **ലേഖനം** | **ഏവൻഗേലിയോൻ** |
| **ഏപ്രിൽ** | | | | |
| 05.04.26 | യെഹ. 37:1-14 | 1 കൊരി. 15:20-28 | റോമ. 6:1-11 | വി.മർക്കോ.16:1-11 |
| 12.04.26 | യെശ. 45:21-25 | വെളി.1:9-20 | കൊലോ.1:15-20 | വി.യോഹ.20:24-29 |
| 19.04.26 | 1രാജാ.19:1-8 | വെളി. 3:14-22 | അ. പ്ര.27:27-36 | വി. യോഹ.21:1-14 |
| 26.04.26 | പുറ.33;12-16 | അ.പ്ര.18:1-11 | 2 കൊരി.4:7-15 | വി.ലൂക്കോ.24:13-35 |
| **മെയ്** | | | | |
| 03.05.26 | യിര.31:1-6 | എഫെ.3:14-19 | 1 യോഹ.1:1-10 | വി.യോഹ.21:15-19 |
| 10.05.26 | യെശ.41:8-13 | എബ്രാ.13:1-8 | എഫെ.2:1-10 | വി.മത്താ.28:16-20 |
| 17.05.26 | യെഹ.36:25-29 | റോമ.8:1-11 | ഗലാ.5:16-26 | വി.യോഹ.14:15-21 |
| 24.05.26 | 1 രാജാ.19:11-18 | അ.പ്ര.13:1-12 | അ.പ്ര.2:1-13 | വി.യോഹ.20;19-23 |
| 31.05.26 | യെശ.48:12-17 | എഫെ.1:3-14 | റോമ.1:1-10 | വി.യോഹ.3:8-16 |
| **ജൂൺ** | | | | |
| 07.06.26 | 2 ദിന.20:13-19 | അ.പ്ര.18:24-28 | അ.പ്ര.2:36-41 | വി.യോഹ.8:12-20 |
| 14.06.26 | ഇയ്യോ.12:7-12 | വെളി.22:1-6 | അ.പ്ര.14:11-18 | വി.ലൂക്കൊ.12:24-27 |
| 21.06.26 | യെശ.6:1-8 | അ.പ്ര.2:42-47 | ഫിലി.2:12-18 | വി.മർക്കോ.12:28-34 |
| 28.06.26 | ദാനി.1:8-21 | കൊലോ.3:1-11 | 1 പത്രൊ.1:13-25 | വി.മർക്കോ.5:1-20 |

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേ സ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| 1,2,5-ാം ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 3-ാം ചൊവ്വ രാവിലെ 10.00 | പെയിൻ & പാലിയേറ്റീവ് ഭവനസന്ദർശനം |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 4-ാം ഞായർ വൈകിട്ട് 3.00 | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |

# ഇടവക വാർത്തകൾ

## ഇടവക വികാരിയുടെ യാത്രയയപ്പ്

ഇടവകയുടെ 36-ാം വികാരി ബഹു. എം. എസ്. ഡാനിയേൽ അച്ചൻ നമ്മുടെ ഇടവകയിലെ ഒരു വർഷത്തെ ശുശ്രൂഷയോടെ സഭയുടെ സജീവ സേവനത്തിൽ നിന്നും വിരമിക്കുകയാണ്. ഇടവകയിലെ ചുരുങ്ങിയ സേവനകാലയളവിൽ പക്വമായ നേതൃത്വ പാടവത്തോടെ ഇടവക പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. പ്രിയപ്പെട്ട അനിത കൊച്ചമ്മയുടെ സൗമ്യമായ പെരുമാറ്റവും പ്രോത്സാഹനജനകമായ ഇടപെടലുകളും ശ്രദ്ധേയമാണ്. വാർദ്ധക്യ സഹജമായ ക്ഷീണതയിൽ കഴിയുന്ന പ്രിയ മാതാവിന്റെ പരിചരണത്തോടൊപ്പം ഇടവക പ്രവർത്തനങ്ങൾക്ക് നല്ല നേതൃത്വം നൽകിയ ഇരുവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

**അച്ചനും കുടുംബത്തിനുമുള്ള യാത്രയയപ്പ് സമ്മേളനം ഏപ്രിൽ 26 ഞായറാഴ്ച്ച ആരാധാനാന്തരം പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.**

## പാരിഷ് ടൂർ

ഇടവകയുടെ ഈ വർഷത്തെ പാരിഷ് ടൂർ ഫെബ്രുവരി 23 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. വികാരിയുടെ നേതൃത്വത്തിൽ, നമ്മുടെ ഇടവകാംഗങ്ങളും സുഹൃത്തുക്കളും അടങ്ങിയ സംഘം ഡൽഹി, ആഗ്ര, ജയ്പൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

## വലിയ നോമ്പ്

വലിയ നോമ്പിന്റെ ഭാഗമായി പകുതി നോമ്പ് ദിവസമായ മാർച്ച് 11 മുതൽ പള്ളിയിൽ വച്ച് നോമ്പ് നമസ്കാരശുശ്രൂഷ നടത്തപ്പെട്ടു. ഞായറാഴ്ച്ചകൾ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും വൈകുന്നേരം 6 മണിക്ക് ബഹു. എം. എസ്. ഡാനിയേൽ അച്ചന്റേയും ബഹു. കുരുവിള ഫിലിപ്പ് അച്ചന്റേയും നേതൃത്വത്തിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ വചന ധ്യാനം, ആരാധന സഹായം എന്നിവക്ക് പ്രാർത്ഥനാ ഗ്രൂപ്പുകളും സംഘടനകളും ക്രമീകരണങ്ങൾ ചെയ്തു. ഇതിൽ സഹകരിച്ചവരോടും നമസ്കാര ശുശ്രൂഷക്ക് ശേഷമുള്ള ചായ സ്പോൺസർ ചെയ്തവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

## വി. ബി.എസ്

സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ നടത്തപെടുന്ന വി. ബി.എസ് ഏപ്രിൽ 6 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെടുന്നു. 6-ാം തീയതി രാവിലെ 9 നു ബഹു. എം.എസ്. ഡാനിയേൽ അച്ചൻ വി.ബി.എസ് ഉത്ഘാടനം ചെയ്തു. ശ്രീമതി നെൽസി മേരി ജോൺ കൺവീനർ ആയി പ്രവർത്തിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## തെരഞ്ഞെടുപ്പ്

2026 ഫെബ്രുവരി 1 ന് വികാരിയുടെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗം താഴെ പറയുന്നവരെ ഇടവക ഭാരവാഹികളായി ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

| | |
|---|---|
| വൈസ് പ്രസിഡന്റ് | **പ്രൊഫ. സാംജി തോമസ്** |
| ട്രസ്റ്റി (മുതൽ ചുമതല) | **ശ്രീ. തോമസ് ജോസഫ്** |
| ട്രസ്റ്റി (കണക്ക് ചുമതല) | **പ്രൊഫ. ഡോ. കെ.എസ്. ജോർജ്** |
| സെക്രട്ടറി | **ശ്രീ. വിജി വർഗീസ്** |
| ആത്മായ ശുശ്രൂഷകർ | **1) ശ്രീ. ജോൺ വർഗീസ്** |
| | **2) ശ്രീ. സാബു തോമസ്** |
| മണ്ഡലം പ്രതിനിധി | **ഡോ. മിനി ജോൺ** |
| അസംബ്ലി അംഗങ്ങൾ | **1) ശ്രീ. എബ്രഹാം ഈശോ റെജി** |
| | **2) പ്രൊഫ. ആലിസ് മാത്യു** |
| കണക്ക് പരിശോധകർ | **1) ശ്രീ. സി. വർഗീസ്** |
| | **2) ശ്രീ. ജിജി എൻ. കുരുവിള** |

## നാല്പതാം വെള്ളി

നോമ്പിൽ നാല്പതാം വെള്ളി ദിവസമായ മാർച്ച് 27 ന് അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാന ശുശ്രൂഷ രാവിലെ 8 മണിക്ക് നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അന്നേ ദിവസം നിരണം – മാരാമൺ ഭദ്രാസനത്തിലെ വിരമിച്ച വൈദികരുടെ യോഗവും ഭദ്രാസന സുവിശേഷകരുടെ യോഗവും നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

## വിശുദ്ധ വിവാഹം

നമ്മുടെ ഇടവകയിൽ മാങ്ങോട്ട് അനഘ വർഗീസ്, നെല്ലിമൂട്ടിൽ ജെയ്മി അലീന ജോസഫ് എന്നിവർ വിവാഹിതരായി. സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

# സംഘടനാ വാർത്തകൾ

## ഇടവക മിഷൻ

എല്ലാ മാസത്തിന്റെയും ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് പള്ളിയിൽ വച്ച് മീറ്റിങ്ങുകൾ നടത്തപ്പെടുന്നു. മൂന്നാം ചൊവ്വാഴ്ച്ച രാവിലെ പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവക മിഷൻ അംഗങ്ങൾ, ശാരീരിക പ്രയാസങ്ങൾ മൂലം പള്ളിയിൽ വരുവാൻ സാധിക്കാത്ത ഇടവകാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു കൂട്ടായ്മ നൽകുന്നു. മാർച്ച് 11 ന് ആരംഭിച്ച നോമ്പ് പ്രാർത്ഥനയിൽ ഇടവക മിഷൻ അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു.

മാർച്ച് 13 ന് നടന്ന സന്നദ്ധ സുവിശേഷക സംഘത്തിന്റെ തിരുവല്ല ഈസ്റ്റ് വെസ്റ്റ് സംയുക്ത യോഗത്തിൽ നമ്മുടെ ശാഖയിൽ നിന്നും 16 പേർ സംബന്ധിച്ചു. സെന്റർ മീറ്റിങ് ഇല്ലാത്ത വെള്ളിയാഴ്ച്ചകളിൽ പള്ളിയിൽ വച്ച് രാവിലെ 10.30 ന് ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു.

## സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ്

എല്ലാ മാസത്തിലെയും നാലാം ചൊവ്വാഴ്ച്ചകളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ച് യോഗങ്ങൾ നടത്തിവരുന്നു.

അടുത്ത മാസങ്ങളിൽ താഴെ പറയുന്ന ഭവനങ്ങളിൽ വച്ച് പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു;

**ഏപ്രിൽ 28 – ശ്രിമതി ജൂനോമ്മ ജേക്കബ്, കരിങ്ങാട്ട്**

**മെയ് 26 – ശ്രീ. വർഗ്ഗീസ് മാത്യു, കോളരേത്ത്**

**ജൂൺ 23 – ശ്രീ. തോമസ് ജോസഫ്, നെല്ലിമൂട്ടിൽ-മന്നത്ത്**

ശാഖയുടെ 2025-26 വാർഷിക യോഗം ഏപ്രിൽ മാസത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. 2026-27 വർഷത്തെ സെക്രട്ടറിയായി ശ്രീ. സാബു വർഗ്ഗീസ് കുര്യൻ തെരഞ്ഞെടുക്കപ്പെട്ടു.

## സേവികാ സംഘം

ബുധനാഴ്ച്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വച്ചും മാസത്തിലെ അവസാന ബുധനാഴ്ച്ച നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും ശാഖാ യോഗങ്ങൾ നടത്തപ്പെടുന്നു.

ഫെബ്രുവരി 22 ഞായർ സേവികാ സംഘത്തിന്റെ സാധന ശേഖരണവും ലേലവും നടത്തപ്പെട്ടു.

മാർച്ച് 6 നു കുറ്റപ്പുഴ ജെറുശലേം പള്ളിയിൽ വച്ച് നടത്തപ്പെട്ട സെന്റർ മീറ്റിംഗിൽ നമ്മുടെ ശാഖയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു..

ഏപ്രിൽ മാസത്തിൽ വാർഷിക യോഗവും അച്ചനും കൊച്ചമ്മക്കും യാത്രയയപ്പും ഉണ്ടായിരിക്കുന്നതാണ്.

കോട്ടേജ് പ്രയറുകൾ;

**മെയ് 27 --------------- ശ്രിമതി സിജി രാജി, നെല്ലിമൂട്ടിൽ**

**ജൂൺ 24----------------ശ്രിമതി ഓമന ഹണി, പടിഞ്ഞാറേക്കൂറ്റ്**

## യുവജനസഖ്യം

ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ഞായറാഴ്ച്ചകളിൽ ശുശ്രുഷാനന്തരം ശാഖാ മീറ്റിങ്ങുകൾ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## സൺഡേസ്കൂൾ

ഞായറാഴ്ച്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു. ഈ വർഷത്തെ വി.ബി. എസ്. ഏപ്രിൽ 6 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെടുന്നതാണ് .

## ഗായകസംഘം

ഞായറാഴ്ച്ച ആരാധനയിലും ഇടവകയിലെ മറ്റ് വിശേഷ ദിവസങ്ങളിലും ഗായകസംഘം ക്രമമായി പങ്കെടുക്കുന്നു. ഞായറാഴ്ച്ച ആരാധനയിലേക്കുള്ള ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുംനേരം 4.45 ന് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## യങ് വിമൻസ് ഫെല്ലോഷിപ്പ്

എല്ലാ നാലാം ഞായറാഴ്ച്ചകളിലും ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക് പള്ളിയിൽ വച്ച് മീറ്റിങ്ങുകൾ നടത്തപ്പെടുന്നു.

| സഭാ വിശേഷദിവസങ്ങൾ | |
|---|---|
| ഏപ്രിൽ | |
| 02 വ്യാഴം | പെസഹ വ്യാഴം |
| 03 വെള്ളി | ദുഃഖ വെള്ളി |
| 04 ശനി | ദുഃഖ ശനി |
| 05 ഞായർ | ഉയിർപ്പ് പെരുന്നാൾ / വലിയ നോമ്പ് വീടൽ |
| 12 ഞായർ | പുതുഞായർ |
| മെയ് | |
| 01 വെള്ളി | മെയ്ദിനം |
| 03 ഞായർ | ഭൂഭവനദാന പ്രസ്ഥാനം |
| 14 വ്യാഴം | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| 24 ഞായർ | പെന്തകോസ്ത് പെരുന്നാൾ |
| ജൂൺ | |
| 07 ഞായർ | വിദ്യാലയ വർഷാരംഭം |
| 14 ഞായർ | പരിസ്ഥിതി ഞായർ |
| 16 ചൊവ്വ | ശ്ലീഹാ നോമ്പ് ആരംഭം |
| 28 ഞായർ | ലഹരി വിരുദ്ധ ദിനം |
| 29 തിങ്കൾ | ശ്ലീഹ നോമ്പ് വീടൽ |

## ബൈബിൾ ക്വിസ് - ഉല്പത്തി 7, 8

1. നോഹയെ ദൈവത്തിന്റ രക്ഷാ പദ്ധതിക്കായി തെരഞ്ഞെടുക്കുവാനുള്ള യോഗ്യത എന്തായിരുന്നു ?
2. ശുദ്ധിയില്ലാത്ത മൃഗങ്ങളിൽ നിന്ന് പെട്ടകത്തിലേക്ക് തിരഞ്ഞെടുക്കേണ്ടത് എത്ര
3. പ്രളയം നടക്കുമ്പോൾ മോശയുടെ വയസ് എത്ര ?
4. പെട്ടകത്തിൽ എത്ര പുരുഷന്മാരുണ്ടായിരുന്നു ? അവരുടെ പേരുകൾ ?
5. ദൈവവചനം എന്ത് പറയുന്നു ? മോശ മൃഗങ്ങളെ അന്വേഷിച്ചു കണ്ടെത്തി പെട്ടകത്തിൽ പ്രവേശിപ്പിച്ചുവോ ?
6. ജലപ്രളയം തുടങ്ങിയ തീയതി നോഹയോടുള്ള ബന്ധത്തിൽ ഏത് ?
7. പെട്ടക വാതിൽ അടച്ചതാര് ?
8. പർവ്വതങ്ങൾക്കുമുകളിൽ എത്ര ഉയരത്തിൽ വെള്ളം ഉയർന്നു ?
9. ഭൂമിയിലെ ജലനിരപ്പ് എത്രനാൾ ഉയർന്നുകൊണ്ടിരുന്നു ?
10. ദൈവം ഓർത്തു ! ആരെ ?
11. വെള്ളത്തിന്റെ ഉയർച്ച നിലച്ചതെങ്ങനെ ?
12. പെട്ടകം നിലത്തുറച്ച സ്ഥലം ഏതു ?
13. ഭൂമിയിലെ വെള്ളം കുറഞ്ഞോ എന്നറിയുവാൻ ആരുടെ സഹായമാണ് ആദ്യം തേടിയത് ?
14. പെട്ടകത്തിൽ കഴിഞ്ഞവർക്ക് പ്രത്യാശയുടെ ദൂത് നല്കിയതാര് ? അടയാളം എന്ത് ?
15. ഭൂമി ഉണങ്ങിയെന്ന് ഉറപ്പുവരുത്തി പെട്ടകത്തിൽനിന്നും പുറത്തുവരുവാൻ ദൈവം അനുവദിച്ചതെന്ന് ?
16. മനുഷ്യരും മൃഗജാലങ്ങളും ജലപ്രളയം നിമിത്തം എത്ര നാൾ പെട്ടകത്തിൽ കഴിഞ്ഞു ?
17. പെട്ടകത്തിൽ നിന്നും ഇറങ്ങിയ നോഹ ആദ്യം ചെയ്ത പ്രവർത്തി എന്ത് ?
18. ഹോമയാഗം സ്വീകരിച്ച ദൈവം ഹൃദയത്തിൽ അരുളിച്ചെയ്ത ആദ്യ കാര്യം എന്ത് ?
19. മനുഷ്യന്റെ.............................................................ആകുന്നു .
20. ജീവജാലങ്ങൾക്ക് ദൈവം നൽകിയ ഉറപ്പ് എന്ത് ?പ്രകൃതിക്ക് ദൈവം നൽകിയ ഉറപ്പ് എന്ത് ?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2026 മെയ് 31**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) അവനെ
2) അവരെ
3) അവരെ
4) അവർക്ക്
5) ശേത്ത്
6) ശേത്ത് (ഉല്പ. 5:6)
7) ഹാനോക്ക് , 365 സംവത്സരം
8) മെഥുശലേഹ്, 969, നോഹ
9) ആശ്വസിപ്പിക്കുന്നവൻ
10) ലാമേക്ക്. ശേമ്, ഹാമ്, യാഫെത്തു്
11) ശേമ്യർ ആണ്
12) തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു (ഉല്പ. 6:2)
13) മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും ദോഷമുള്ളതെന്നു ദൈവം മനസിലാക്കുകയാൽ (ഉല്പ. 6:5)
14) നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനും ആയിരുന്നു, നോഹ ദൈവത്തോട് കൂടെ നടന്നു. (ഉല്പ. 6:9)
15) അതിക്രമം, വഷളത്വം ഇവ നിറഞ്ഞിരുന്നു. സകല ജഡവും വഴി വഷളാക്കി. (ഉല്പ. 6:11,12)
16) ഗോഫർ മരം
17) മൂന്ന് തട്ടായി
18) ഭൂമി മനുഷ്യരാൽ അതിക്രമംകൊണ്ട് നിറഞ്ഞിരിക്കുന്നു.
19) ഉല്പ. 6:18
20) മൃഗജാലങ്ങളെ ആണും പെണ്ണുമായി ഈരണ്ടായി കടത്തുക. സകല ഭക്ഷണ സാധനങ്ങളിൽ നിന്നും വേണ്ടുന്നത് സംഗ്രഹിക്കണം (ഉല്പ. 6:20,21)

**ബൈബിൾ ക്വിസ് ജനുവരി – മാർച്ച് ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി വത്സ തോമസ്, ഞാലിലേട്ട്
2. ശ്രീമതി മിനി മാത്യു, നെയ്പ്പള്ളിൽ


അവൻ
തക്കസമയത്തു
നിങ്ങളെ ഉയർത്തുവാൻ
ദൈവത്തിന്റെ
ബലമുള്ള കൈക്കീഴു
താണിരിപ്പിൻ.
1 പത്രൊസ് 5:6

# Notes

# : സ്വാഗതം :



**റവ. സജി തോമസ്** (B .Com, MCA, MBA, B D)
**Mob: 7030686979**

ദൈവശാസ്ത്രപഠനത്തിനായി ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ പോകുന്നതിന് മുമ്പ് മുംബൈയിലും സിംഗപ്പൂരിലും പത്ത് വർഷം ഐടി മേഖലയിൽ ജോലി ചെയ്തു. ക്രിസോസ്റ്റം മാർത്തോമ്മ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും ചാപ്ലെയിനും ആയി ശുശ്രൂഷ ആരംഭിച്ചു. നിലവിൽ പത്തനംതിട്ട മാർത്തോമ്മാ ഇടവക വികാരിയായി സേവനമനുഷ്ഠിക്കുന്നു.

കൊച്ചമ്മ **ശ്രീമതി സൂസൻ സജി** (M .Com , ICWA (Inter) B D, M A (Counseling)

ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ നിന്ന് ബാച്ചിലർ ഓഫ് ഡിവിനിറ്റി (ബി.ഡി.).പാസ്സായ ശേഷം നാല് വർഷം, കുറ്റപ്പുഴയിലെ മാർത്തോമ്മ റെസിഡൻഷ്യൽ സ്കൂളിൽ കൗൺസിലറായി സേവനമനുഷ്ഠിച്ചു.

മകൾ – **നിധി റേച്ചൽ സജി,** ബി. എ. സാഹിത്യം, ജേണലിസം ആൻഡ് മാസ് മീഡിയയിൽ മാസ്റ്റർ, പൂനെയിൽ ജോലി ചെയ്യുന്നു.

മകൻ – **യോഹാൻ തോമസ് സജി**, പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു.

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.00 പി.എം. |
|---|---|---|---|
| 05.04.2026 | **ഉയിർപ്പു പെരുന്നാൾ** | | |
| 12.04.2026 | പ്രൊഫ. സാംജി തോമസ് മങ്ങാട്ട് (വാർഷിക പൊതുയോഗവും യാത്രയയപ്പും) | ശ്രീ. കോശി വർഗ്ഗീസ്, കണ്ണോത്ത് - കാഞ്ഞിരമറ്റം | ശ്രീ. രാജൻ സി. വർഗ്ഗീസ്, ചെറുവാഴകുന്നേൽ |
| 19.04.2026 | ശ്രീ. എം.കെ.ഫിലിപ്പ് മഠത്തിലേട്ട് | ശ്രീ. ഏബ്രഹാം ഈശോ റജി, ഐക്കരേത്ത് (വാർഷിക പൊതുയോഗവും യാത്രയയപ്പും) | ശ്രീ. ജോർജ് ചാക്കോ, കോയിപുറത്ത് (Apartment No.1A , AVS Serene Garden) (വാർഷികപൊതുയോഗവും യാത്രയയപ്പും) |
| 26.04.2026 | **വികാരിയുടെ യാത്രയയപ്പ്** | | |
| 03.05.2026 | ശ്രീ. കെ. സി. നൈനാൻ, കൈതപ്പുഴശ്ശേരിൽ | ശ്രീ. സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടം | ശ്രീ. കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ |
| 10.05.2026 | ശ്രീ. റ്റി. എ. തോമസ് തെന്നാലിൽ | ശ്രീ. സജി വർഗ്ഗീസ്, കണ്ണോത്ത് - കല്ലുമൂല | ശ്രീ. കുരുവിള എൻ. പി., നെല്ലിമൂട്ടിൽ |
| 17.05.2026 | ശ്രീമതി മറിയാമ്മ മാമ്മൻ, മങ്ങാട്ട്- സന്തോഷ് വില്ല | ശ്രീ. കെ.വി. തോമസ്, കണ്ണോത്ത് - കാക്കത്തുരുത്ത് | ശ്രീ. സാബു തോമസ്, കിഴക്കേതിൽ |
| 24.05.2026 | **സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ് (ഡോ. ജോർജ് ചെറിയാൻ, നവജീവോദയം)** | | |
| 31.05.2026 | ശ്രീ. ജോൺ എബ്രഹാം ജിനുവില്ല | ശ്രീ. കോശി ജോർജ്, കണ്ണോത്ത് | ശ്രീ. വർഗ്ഗീസ് ചാക്കോ, തെക്കേമുറിയിൽ |
| 07.06.2026 | ശ്രീമതി നിർമ്മല വർഗ്ഗീസ്, പറപ്പള്ളിൽ | ശ്രീ. വർഗ്ഗീസ് ജോർജ്, അയിക്കോലിൽ, ജോളി വില്ല | ശ്രീ. ശശി വർഗ്ഗീസ്, ഇടവപ്പറമ്പിൽ |
| 14.06.2026 | ശ്രീമതി വത്സാ സ്കറിയ, ആനിക്കാട്ട് | ശ്രീ. സി. കെ. വർഗ്ഗീസ്, പ്ലാക്കുഴിയിൽ | ഡോ. കെ. എസ്. ജോർജ്, കുഴുവിളയിൽ- ബഥാനി. (Apartment No . 3F , AVS Serene Garden) |
| 21.06.2026 | ശ്രീ. കോശി ജോൺസൻ നെറ്റിയാട്ടുപറമ്പിൽ | ശ്രീമതി അന്നമ്മ ഏബ്രഹാം, കണ്ണോത്ത് - കാക്കത്തുരുത്ത് | ശ്രീ. രാജി എൻ. കുരുവിള, നെല്ലിമൂട്ടിൽ |
| 28.06.2026 | **സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ്** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2026 ജൂലൈ-ഓഗസ്റ്റ്-സെപ്റ്റംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ജൂൺ 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

For Private Circulation Only

RED Media | 9495 151222